**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 225** **12-07-2022 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗങ്ങളുടെ സമഗ്ര പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പിന്നാക്ക വിഭാഗങ്ങളുടെ സമഗ്ര പുരോഗതിക്കായി നടപ്പാക്കി വരുന്ന വിദ്യാഭ്യാസ, ക്ഷേമ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന വിവിധ വിദ്യാഭ്യാസ, ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**<u>വിദ്യാഭ്യാസ പദ്ധതികൾ</u>**<br><br>1. ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ<br><br>2. ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് (50% CSS)<br><br>3. ഒ.ഇ.സി. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ<br><br>4. ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (100% CSS)<br><br>5. ഓവർസീസ് സ്കോളർഷിപ്പ്<br><br>6. മാതാവോ പിതാവോ രണ്ട് പേരുമോ നഷ്ടപ്പെട്ട പെൺകുട്ടികൾക്ക് മെഡിക്കൽ / മെഡിക്കൽ അനുബന്ധ കോഴ്സുകൾക്ക് പ്രത്യേക സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി<br><br>**<u>ക്ഷേമ വികസന പദ്ധതികൾ</u>**<br><br>1. തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടി / പരിശീലനം (എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം)<br><br>2. പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം<br><br>3. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം |

| | | | |
|---|---|---|---|
| | | | 4. പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം<br><br>5. ഓട്ടോമൊബൈൽ മേഖലയിൽ തൊഴിൽ പരിശീലനം<br><br>6. കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി<br><br>7. ഓഫീസ് ഓട്ടോമേഷൻ ഉപകരണങ്ങളും ഭരണവും<br><br>8. അഡ്വക്കേറ്റ് ഗ്രാന്റ്<br><br>9. വിശ്വകർമ്മജർക്കുള്ള പെൻഷൻ |
| (ബി) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കേർപ്പറേഷൻ പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമത്തിനായി നടപ്പിലാക്കി വരുന്ന പ്രധാന വായ്പ പദ്ധതികൾ വിശദമാക്കുമോ; | (ബി) | പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമത്തിനായി ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC) -ന്റെ ഫണ്ടും കോർപ്പറേഷന്റെ തനത് ഫണ്ടും ഉപയോഗിച്ച് വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ ദേശീയ മതന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC)-ന്റെ ഫണ്ടും വിനിയോഗിച്ച് മതന്യൂനപക്ഷത്തിൽ ഉൾപ്പെട്ട ഒ.ബി.സി. വിഭാഗങ്ങൾക്കും വായ്പ അനുവദിച്ച് വരുന്നു.<br><br>കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമത്തിനായി നടപ്പിലാക്കി വരുന്ന പ്രധാന വായ്പാ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ഭവന രഹിതരായ പിന്നാക്ക വിഭാഗക്കാർക്കായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന എന്റെ വീട് പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (സി) | ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ഭവന രഹിതർക്ക് വേണ്ടിയുള്ള പദ്ധതിയാണ് "എന്റെ വീട്" ഭവന നിർമ്മാണ വായ്പാ പദ്ധതി. കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് സ്കീമുകളിലായി പരമാവധി 10 ലക്ഷം രൂപയാണ് വായ്പയായി അനുവദിച്ച് വരുന്നത്. പദ്ധതിയുടെ വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദമാക്കുമോ? | (ഡി) | സ്വാശ്രയ കോളേജുകളിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ.ഉ.(പി) നം.50/2009/ പജപവവിവ പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിന് തടസ്സങ്ങൾ ഒന്നുമില്ല.<br><br>എന്നാൽ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾക്കുമുണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടു. സ്വാശ്രയ മാനേജ്മെന്റുമായി ഈ കാര്യം ചർച്ച ചെയ്തു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

## സ്വയം തൊഴിൽ വായ്പ

പിന്നാക്ക മതന്യൂനപക്ഷ വിഭാഗങ്ങൾക്കായി സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC) പരമാവധി 15 ലക്ഷം രൂപയും ദേശീയ മതന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) പരമാവധി 30 ലക്ഷം രൂപയും അനുവദിച്ച് വരുന്നു.

## വിദ്യാഭ്യാസ വായ്പ

ഇന്ത്യയ്ക്ക് അകത്തും വിദേശത്തും പ്രൊഫഷണൽ / ടെക്നിക്കൽ / വൊക്കേഷണൽ കോഴ്സുകൾ പഠിക്കുന്നതിനായി മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ച പിന്നാക്ക മതന്യൂനപക്ഷ വിഭാഗങ്ങളിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി 15 മുതൽ 30 ലക്ഷം രൂപ വരെ വിദ്യാഭ്യാസ വായ്പകൾ അനുവദിച്ച് വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു,

| ഏജൻസി | കുടുംബ വാർഷിക വരുമാനം | പരമാവധി വായ്പാ തുക | | പലിശ നിരക്ക് |
|---|---|---|---|---|
| | | ഇന്ത്യയ്ക്കകത്ത് | വിദേശത്ത് | |
| NBCFDC | 3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് | 10 ലക്ഷം | 20 ലക്ഷം | വനിതകൾക്ക് - 3.5%<br>പുരുഷൻമാർക്ക് - 4% |
| NMDFC (Credit line - I) | ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് | 15 ലക്ഷം | 20 ലക്ഷം | 3% |
| NMDFC (Credit line - II) | 8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് | 20 ലക്ഷം | 30 ലക്ഷം | വനിതകൾക്ക് - 5%<br>പുരുഷൻമാർക്ക് - 8% |

## റീ-ടേൺ

പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിൽ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി പ്രവാസി സംരംഭകർക്കായി നോർക്കാ റൂട്ട്സിന്റെ ശുപാർശ പ്രകാരം പരമാവധി 30 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. അതിന് പുറമേ പരമാവധി 3 ലക്ഷം രൂപ വരെ മൂലധന സബ്സിഡിയും വായ്പാ തിരിച്ചടവിന്റെ ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നോർക്കാ റൂട്ട്സ് അനുവദിക്കും.

## സ്റ്റാർട്ട്-അപ്പ്

പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ സഹകരണത്തോടെ ഒ.ബി.സി വിഭാഗം പ്രൊഫഷണലുകൾക്ക് വേണ്ടി ആരംഭിച്ച സ്റ്റാർട്ട്-അപ്പ് വായ്പാ പദ്ധതിയിൽ 20 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നതാണ്. വായ്പകൾക്ക് 20% സബ്സിഡി (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് അനുവദിക്കും.

## റീ-ലൈഫ്

താഴ്ന്ന വരുമാനക്കാരായ ഒ.ബി.സി. കുടുംബങ്ങൾക്ക് വേണ്ടി ആരംഭിച്ച "റീ-ലൈഫ്" വായ്പാ പദ്ധതി പ്രകാരം 1 ലക്ഷം രൂപ വായ്പ ലഭിക്കുന്നതാണ്. വായ്പാ തുകയുടെ 50% (പരമാവധി 25,000/- രൂപ) മൂലധന സബ്സിഡി പിന്നാക്ക വിഭാഗ വികസന വകുപ്പ് അനുവദിക്കും.

ഇതിന് പുറമേ ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനായി കുടുംബശ്രീ മുഖേന ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ മതന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) മൈക്രോ ക്രെഡിറ്റ് വായ്പകൾ പരമാവധി 3 കോടി രൂപ വരെ അനുവദിക്കുന്നു.

## മൈക്രോ ക്രെഡിറ്റ് / മഹിളാ സമൃദ്ധി യോജന

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പ്രാമുഖ്യം നൽകി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് മൈക്രോ ക്രെഡിറ്റ് / മഹിളാ സമൃദ്ധി യോജന വായ്പാ പദ്ധതി. ഈ പദ്ധതിയിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് കുടുംബശ്രീ സി.ഡി.എസ്സ് / തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകൾ മുഖേന പരമാവധി 3 കോടി രൂപ 3% മുതൽ 5% വരെ പലിശ നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചുവരുന്നു.

## ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ പദ്ധതികൾ

ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ (NSKFDC) ശുചീകരണ മേഖലയിലെ തൊഴിൽ സംരംഭങ്ങൾക്കും ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, അവരുടെ ആശ്രിതരായ കുടുംബാംഗങ്ങൾ എന്നിവർക്ക് കോർപ്പറേഷൻ മുഖേന 3 കോടി രൂപ വരെ മൈക്രോ ക്രെഡിറ്റ് / മഹിളാ സമൃദ്ധി യോജന വായ്പാ പദ്ധതിയിലൂടെ ലഭ്യമാക്കുന്നു. ശുചീകരണ മേഖലകളിൽ പ്രവർത്തിക്കുന്ന ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾ അവരുടെ കുടുംബാംഗങ്ങൾക്കും ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷന്റെ (NSKFDC) ഫണ്ട് വിനിയോഗിച്ച് കോർപ്പറേഷൻ വായ്പ അനുവദിച്ചുവരുന്നു.

## കോർപ്പറേഷന്റെ തനത് ഫണ്ട്

ദേശീയ ഏജൻസികളുടെ ഫണ്ടിന് പുറമേ കോർപ്പറേഷൻ തനത് ഫണ്ട് വിനിയോഗിച്ച് വിവാഹം, സുവർണ്ണശ്രീ, പ്രവർത്തന മൂലധനം, ബിസിനസ്സ് ഡെവലപ്മെന്റ്, വിദ്യാശ്രീ, ഭവന പുനരുദ്ധാരണ വായ്പ, ഭവന നിർമ്മാണ വായ്പ, വാഹന വായ്പ, വ്യക്തിഗത വായ്പ എന്നീ വായ്പാ പദ്ധതികൾ അനുവദിച്ചുവരുന്നു.

## അനുബന്ധം - 2

### 'എന്റെ വീട്'

- കുടുംബ വാർഷിക വരുമാനം 1,20,000/- രൂപയിൽ താഴെയാണെങ്കിൽ സ്കീം 1-ൽ ഉൾപ്പെടുത്തി പരമാവധി 5 ലക്ഷം രൂപ 6.5% പലിശ നിരക്കിലും, കുടുംബ വാർഷിക വരുമാനം 1,20,000/- രൂപയ്ക്ക് മുകളിൽ 3 ലക്ഷം രൂപ വരെയാണെങ്കിൽ സ്കീം 2 പ്രകാരം പരമാവധി 10 ലക്ഷം രൂപ 7% പലിശ നിരക്കിലുമാണ് വായ്പയായി അനുവദിക്കുന്നത്.
- ഇതിന് പുറമേ വീട് നിർമ്മിക്കുന്ന വസ്തു പഞ്ചായത്ത് മേഖലയിൽ ആണെങ്കിൽ കുറഞ്ഞത് 6 സെന്റും മുനിസിപ്പൽ/കോർപ്പറേഷൻ ഏരിയകളിലാണെങ്കിൽ കുറഞ്ഞത് 5 സെന്റും അനിവാര്യമാണ്. ടി വസ്തു ജാമ്യമായി സമർപ്പിക്കേണ്ടതാണ്.
- അപേക്ഷകനും സഹ അപേക്ഷകനും വേണ്ടുന്ന ടി വായ്പാ പദ്ധതിയിൽ അപേക്ഷകന്റെ പ്രായപരിധി 18–55 വയസ്സിനിടയ്ക്കും സഹ അപേക്ഷകന് 18 വയസ്സിന് മുകളിലുമായിരിക്കണം.

[സഹ അപേക്ഷകർ :

1. ജീവിത പങ്കാളി / മകൻ / മകൾ / മാതാവ് / പിതാവ് (അതേ മുൻഗണനാ ക്രമം)
2. സഹോദരൻ /സഹോദരി /പിതാവ് /മാതാവ് /18 വയസ്സിന് മുകളിൽ പ്രായമുള്ള കുട്ടികൾ (വിവാഹ മോചിതരുടെ കാര്യത്തിൽ)]

ഭവനം നിർമ്മിക്കുന്ന വസ്തു അപേക്ഷകന്റെ / അപേക്ഷകന്റെയും സഹ അപേക്ഷകന്റെയും സംയുക്തമായ / സഹ അപേക്ഷകന്റെ ഉടമസ്ഥതയിലുള്ളതായിരിക്കണം.

- കൂടാതെ അപേക്ഷകർക്കോ, അവരുടെ ജീവിത പങ്കാളിക്കോ, അവിവാഹിതരായ കുട്ടികൾക്കോ വാസ യോഗ്യമായ ഭവനം ഉണ്ടാകാൻ പാടില്ല